# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.263** | **06.10.2016 -ൽ മറുപടിക്ക്**

## പുറമ്പോക്ക് ഭൂമിയിൽ താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് പട്ടയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ. ബാബു<br>ശ്രീ.കാരാട്ട് റസാഖ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പുറമ്പോക്ക് ഭൂമിയിൽ കാലാകാലങ്ങളായി താമസിച്ച് വരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 01.08.1971-ന് മുമ്പ് പുറമ്പോക്ക് ഭൂമിയിൽ കാലാകാലങ്ങളായി താമസിച്ചു വരുന്നവർക്ക് കൈവശ ഭൂമി പതിച്ചു ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരവും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവും യഥാക്രമം പഞ്ചായത്ത് പ്രദേശത്തും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്തും ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ വില്ലേജ് രേഖകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്നതും പതിവിന് വിധേയമല്ലാത്തതുമായ പുഴ, നദി, തോട്. കായൽ, ചാനൽ, റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് കൈവശരേഖ മാത്രമാണ് നൽകുന്നത്. CRZ(കോസ്റ്റൽ റെഗുലേഷൻ സോൺ) പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയങ്ങൾ അനുവദിക്കുന്നതിന് കേന്ദ്രാനുമതി ആവശ്യ മാണ്. |
| (ബി) | ഇത്തരം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ? | (ബി) | നിലവിലുള്ള ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് പട്ടയം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**